173/24-M

**ചോദ്യപുസ്തക അക്ഷരകോഡ്**

**A**

A

**ചോദ്യ പുസ്തക ക്രമനമ്പർ**

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. താഴെ തന്നിട്ടുള്ളവയിൽ തെറ്റായ ജോടി കണ്ടെത്തുക.
   A) ടെന്നീസ് കോർട്ട് പ്രതിജ്ഞ – ഫ്രഞ്ച് വിപ്ലവം
   B) പെറ്റർലൂ കൂട്ടക്കൊല – റഷ്യൻ വിപ്ലവം
   C) ലോങ്ങ് മാർച്ച് – ചൈനീസ് വിപ്ലവം
   D) പാരീസ് ഉടമ്പടി – അമേരിക്കൻ സ്വാതന്ത്ര്യ സമരം

2. പൊയ്കയിൽ ശ്രീകുമാര ഗുരുദേവൻ സ്ഥാപിച്ച പ്രത്യക്ഷ രക്ഷാ ദൈവസഭയുടെ ആസ്ഥാനം
   A) ചങ്ങനാശ്ശേരി
   B) കോട്ടയം
   C) ഇരവിപേരൂർ
   D) എറണാകുളം

3. 1947-ൽ തൃശ്ശൂരിൽ വച്ചു നടന്ന ഐക്യകേരള കൺവെൻഷന്റെ അദ്ധ്യക്ഷൻ
   A) ടി. കെ. മാധവൻ
   B) ടി. പ്രകാശം
   C) കെ. കേളപ്പൻ
   D) ജി. പി. പിള്ള

4. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുന:സംഘടിപ്പിക്കുന്നതിനായി രൂപീകരിച്ച സംസ്ഥാന പുന:സംഘടനാ കമ്മീഷന്റെ അദ്ധ്യക്ഷൻ
   A) എച്ച്. എൻ. കുൻസ്രു
   B) കെ. എം. പണിക്കർ
   C) വി. പി. മേനോൻ
   D) ഫസൽ അലി

5. ചേരുംപടി ചേർക്കുക.

| **ദേശീയ സമര കാലത്തെ പത്രങ്ങൾ** | **നേതാക്കൾ** |
|---|---|
| a. ബംഗാളി | 1. ദാദാബായ് നവറോജി |
| b. വന്ദേമാതരം | 2. സുരേന്ദ്ര നാഥ ബാനർജി |
| c. അമൃത് ബസാർ പത്രിക | 3. ലാലാ ലജ്പത് റായ് |
| d. വോയ്സ് ഓഫ് ഇന്ത്യ | 4. ഗോപാലകൃഷ്ണ ഗോഖലെ |
| | 5. ശിശിർ കുമാർ ഘോഷ് |

   A) a – 2, b – 3, c – 5, d – 1
   B) a – 3, b – 5, c – 2, d – 4
   C) a – 1, b – 2, c – 1, d – 5
   D) a – 5, b – 4, c – 3, d – 2

6. പത്മ പുരസ്ക്കാരങ്ങളുടെ മാതൃകയിൽ കേരള സർക്കാർ ഏർപ്പെടുത്തിയ കേരള പുരസ്ക്കാരങ്ങളിൽ ഉൾപ്പെടാത്തതേത് ?
   A) കേരള ജ്യോതി
   B) കേരള രത്നം
   C) കേരള പ്രഭ
   D) കേരള ശ്രീ

7. പാമ്ലു (Pamlou) എന്ന പ്രാചീന ഉപജീവന കൃഷി നിലനിൽക്കുന്ന സംസ്ഥാനം
   A) മണിപ്പൂർ
   B) സിക്കിം
   C) അരുണാചൽ പ്രദേശ്
   D) മേഘാലയ

8. മധ്യരേഖാ പ്രദേശങ്ങളിൽ നിന്ന് ധ്രുവങ്ങളിലേയ്ക്ക് പോകുംന്തോറും കൊറിയോലിസ് ബലം വർദ്ധിക്കുന്നു.
കൊറിയോലിസ് ബലം നിമിത്തം ധ്രുവീയ വാതങ്ങൾ ഇരു അർധഗോളങ്ങളിലും കിഴക്ക് ദിക്കിൽ നിന്നാണ് വീശുന്നത്.
A) രണ്ട് പ്രസ്താവനകളും ശരി
B) രണ്ട് പ്രസ്താവനകളും തെറ്റ്
C) ആദ്യത്തേത് മാത്രം ശരി
D) രണ്ടാമത്തേത് മാത്രം ശരി

9. ഭൂവിനിയോഗത്തിലുണ്ടായ മാറ്റങ്ങൾ മനസ്സിലാക്കാൻ ഭൂവിവരസാങ്കേതിക വിദ്യയിൽ താഴെ തന്നിരിക്കുന്നവയിൽ ഏതാണ് അനുയോജ്യം ?
A) ശൃംഖല വിശകലനം
B) ആവൃത്തി മേഖല
C) ആവൃത്തി വിശകലനം
D) ഓവർലേ വിശകലനം

10. രച്നാ ദോബ് സ്ഥിതി ചെയ്യുന്നത്
A) ബിയാസ് – രവി നദികൾക്കിടയിൽ
B) രവി – ചിനാബ് നദികൾക്കിടയിൽ
C) ചിനാബ് – ഝലം നദികൾക്കിടയിൽ
D) ബിയാസ് – സത്‌ലജ് നദികൾക്കിടയിൽ

11. തപി (താപ്തി) നദിക്കരയിൽ സ്ഥിതി ചെയ്യുന്ന നഗരം
A) പ്രയാഗ് രാജ്
B) അഹമ്മദാബാദ്
C) ആഗ്ര
D) സൂററ്റ്

12. കൊങ്കൺ റയിൽ പാതയിലെ ദൈർഘ്യമേറിയ തുരങ്കം
A) കർബുഡെ (Karbude)
B) ഡാസ്ഗൺ (Dasgaon)
C) ചിപ്ലൂൻ (Chilplun)
D) ഭോസ്റ്റ് (Bhoste)

13. ആരുടെ ആശയത്തെ അടിസ്ഥാനമാക്കിയാണ് രണ്ടാം പഞ്ചവത്സര പദ്ധതി ?
A) ജവഹർലാൽ നെഹ്റു
B) പി. സി. മഹലനോബിസ്
C) ജോൺ മത്തായി
D) ആർ. സി. ദേശായി

14. താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതിലെ മാറ്റമാണ് ഉപഭോക്തൃ വില സൂചിക സൂചിപ്പിക്കുന്നത് ?
A) ചില്ലറ വില
B) മൊത്ത വില
C) ഉത്പാദക വില
D) ഇതൊന്നുമല്ല

15. സെൻസെക്സ് എന്നത് __________ന് ഉപയോഗപ്രദമായ വഴികാട്ടിയാണ്.
A) ഉപഭോഗം
B) നിക്ഷേപം
C) വിതരണം
D) ചെലവ്

16. ചെറുകിട വ്യവസായങ്ങളെ കുറിച്ച് പഠിക്കാൻ 1955 ൽ നിയോഗിക്കപ്പെട്ട കമ്മിറ്റി
A) കോത്താരി കമ്മീഷൻ
B) കാർവേ കമ്മിറ്റി
C) രംഗരാജൻ കമ്മിറ്റി
D) ബ്രൻഡ്‌ലാൻഡ് കമ്മീഷൻ

17. WTO സ്ഥാപിതമായ വർഷം

A) 1995 B) 1994 C) 1990 D) 1996

18. ഇന്ത്യയിൽ പൂർണ്ണ ഡിജിറ്റൽ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനം

A) തമിഴ്നാട് B) കേരളം C) മഹാരാഷ്ട്ര D) ഗോവ

19. 2023-ലെ ഗ്ലോബൽ ഹംഗർ ഇൻഡക്സിൽ ഇന്ത്യയുടെ സ്ഥാനം

A) 101 B) 111 C) 95 D) 80

20. താഴെ പറയുന്നവയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കമ്മറ്റികൾ ഏതെല്ലാം ?

1. തുംഗൻ കമ്മറ്റി
2. കാക്കാ കലേക്കർ കമ്മറ്റി
3. ബൽവന്ത് റായ് മേത്ത കമ്മറ്റി
4. അശോക്മേത്ത കമ്മറ്റി

A) 1, 3, 4 B) 2, 3, 4 C) 1, 2, 3 D) 1, 2, 4

21. ഭരണഘടനയിൽ സൈബർ നിയമങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത് ഏത് ലിസ്റ്റിലാണ് ?

A) യൂണിയൻ ലിസ്റ്റ്
B) സ്റ്റേറ്റ് ലിസ്റ്റ്
C) അവശിഷ്ട അധികാരങ്ങൾ
D) കൺകറന്റ് ലിസ്റ്റ്

22. ഇന്ത്യയിൽ രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത് ആര് ?

A) ജനങ്ങൾ നേരിട്ട്
B) പാർലമെന്റ് അംഗങ്ങൾ
C) സംസ്ഥാന നിയമ സഭാംഗങ്ങൾ
D) പാർലമെന്റിലേയും നിയമ സഭകളിലേയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

23. താഴെ പറയുന്നവയിൽ നിയമസഭാ സ്പീക്കർ ആയിട്ടുള്ള വ്യക്തികൾ ആരെല്ലാം ?

1. വക്കം പുരുഷോത്തമൻ
2. കെ. മുരളീധരൻ
3. പി. ശ്രീരാമ കൃഷ്ണൻ
4. സി. രവീന്ദ്രനാഥ്

A) ഒന്നും രണ്ടും ശരി
B) രണ്ടും നാലും ശരി
C) ഒന്നും മൂന്നും ശരി
D) മൂന്നും നാലും ശരി

24. പൗരത്വ നിയമം ഉൾപ്പെടുത്തിയിട്ടുള്ളത് ഭരണഘടനയുടെ ഏത് പാർട്ടിലാണ് ?

A) പാർട്ട് I B) പാർട്ട് II C) പാർട്ട് V D) പാർട്ട് VI

25. താഴെ പറയുന്നവയിൽ രാജ്യസഭയെ സംബന്ധിച്ച് ശരിയായ പ്രസ്താവനകൾ ഏത് ?

1. അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് അഞ്ച് വർഷത്തേക്കാണ്.
2. കേരളത്തിൽ നിന്ന് 9 പേരെ തെരഞ്ഞെടുക്കുന്നു.
3. കേരളത്തിൽ നിന്നും കായിക മേഖലയിൽ നാമ നിർദേശം ചെയ്യപ്പെട്ട ആദ്യ വനിതയാണ് പി. ടി. ഉഷ.

A) മൂന്നും ശരിയാണ്
B) മൂന്നും തെറ്റാണ്
C) ഒന്ന് തെറ്റ് രണ്ടും മൂന്നും ശരി
D) ഒന്നും മൂന്നും ശരി രണ്ട് തെറ്റ്

26. 1) കേരളത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന BJP യുടെ ആദ്യ സ്ഥാനാർത്ഥിയാണ് സുരേഷ് ഗോപി.
2) അദ്ദേഹം ആദ്യമായാണ് പാർലമെന്റിൽ അംഗമാകുന്നത്.
മുകളിൽ പറയുന്ന പ്രസ്താവനകളെ അടിസ്ഥാനപ്പെടുത്തി ഉചിതമായത് തെരഞ്ഞെടുക്കുക.
A) രണ്ടും ശരി
B) ഒന്ന് ശരി രണ്ട് തെറ്റ്
C) ഒന്ന് തെറ്റ് രണ്ട് ശരി
D) രണ്ടും തെറ്റ്

27. പൊതുഭരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്നവയിൽ ശരിയായ പ്രസ്ഥാവന ഏത് ?
i. പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്.
ii. ഗവൺമെന്റ്, ഗവൺമെന്റിതര സ്ഥാപനങ്ങളെല്ലാം പൊതുഭരണത്തിന്റെ ഭാഗമാണ്.
iii. ജനക്ഷേമം മുൻനിർത്തിയാണ് പൊതുഭരണ സംവിധാനം പ്രവർത്തിക്കുന്നത്.
A) Only ii and iii
B) Only i and ii
C) Only i and iii
D) All of the above (i, ii and iii)

28. സംസ്ഥാന സർവീസുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്ഥാവന ഏത് ?
i. സെയിൽസ് ടാക്സ് ഓഫീസർ സംസ്ഥാന സർവീസിന്റെ ഭാഗമാണ്.
ii. സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കപ്പെടുന്നു.
iii. സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.
A) All of the above (i, ii and iii)
B) Only ii and iii
C) Only i and iii
D) Only i and ii

29. സംസ്ഥാന വിജിലൻസ് കമ്മീഷനുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്ഥാവന ഏത് ?
i. സംസ്ഥാന ഗവൺമെന്റ് ഓഫീസുകളിലെ അഴിമതിയെ കുറിച്ചന്വേഷിക്കുന്നു.
ii. വിജിലൻസ് കേസുകളിൽ തീർപ്പു കൽപ്പിക്കുന്നത് ഹൈക്കോടതിയാണ്.
iii. വിജിലൻസ് കമ്മീഷന്റെ തലവൻ വിജിലൻസ് കമ്മീഷണറാണ്.
A) Only ii and iii
B) Only i and iii
C) All of the above (i, ii and iii)
D) Only i and ii

30. കേന്ദ്ര സർവീസുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്നവയിൽ ശരിയായ പ്രസ്ഥാവന ഏത് ?
i. ഇന്ത്യൻ പോലീസ് സർവീസ് ഒരു ഉദാഹരണമാണ്.
ii. കേന്ദ്രഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു.
iii. ഇന്ത്യൻ റെയിൽവേ സർവ്വീസ് ഒരു ഉദാഹരണമാണ്.
A) Only i and ii
B) Only i and iii
C) All of the above (i, ii and iii)
D) Only ii and iii

31. അക്ഷയ കേന്ദ്രവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്നവയിൽ ശരിയായ പ്രസ്ഥാവന ഏത് ?
    i. ജനങ്ങളെ ഇ-സാക്ഷരരാക്കുക എന്നത് ഇതിന്റെ ലക്ഷ്യമാണ്.
    ii. ഇന്റർനെറ്റ് – ഇലക്ട്രോണിക് സാങ്കേതിക വിദ്യയിലൂടെയാണ് ഇതിന്റെ പ്രവർത്തനം.
    iii. ഇ-ഗവേണൻസിലൂടെ ഗവൺമെന്റ് നൽകുന്ന സേവനങ്ങൾ ജനങ്ങൾക്ക് എത്തിക്കുന്ന സംരംഭമാണിത്.
    A) All of the above (i, ii and iii)
    B) Only i and ii
    C) Only i and iii
    D) Only ii and iii

32. വിവരാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട ശരിയായ പ്രസ്ഥാവന ഏത് ?
    i. വിവരാവകാശ കമ്മീഷന് കേന്ദ്രതലത്തിൽ മാത്രമാണ് രൂപം നൽകിയിട്ടുള്ളത്.
    ii. കേന്ദ്രതലത്തിലും സംസ്ഥാന തലത്തിലും വിവരാവകാശ കമ്മീഷന് രൂപം നൽകിയിട്ടുണ്ട്.
    iii. മുഖ്യവിവരാവകാശ കമ്മീഷണറാണ് കമ്മീഷന്റെ അധിപൻ.
    A) Only ii and iii
    B) Only i and ii
    C) Only i and iii
    D) All of the above (i, ii and iii)

33. ചുവടെ ചേർക്കുന്നവയിൽ ശരിയായ പ്രസ്ഥാവന ഏത് ?
    i. ദേശീയ തലത്തിൽ അഴിമതി തടയുന്നതിനായി രൂപം നൽകിയ സ്ഥാപനമാണ് ലോക്പാൽ.
    ii. സംസ്ഥാന തലത്തിൽ അഴിമതി കേസുകൾ പരിശോധിക്കുന്നതിന് രൂപം നൽകിയ സ്ഥാപനമാണ് ലോകായുക്ത.
    iii. ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും രാഷ്ട്രീയ തലത്തിലുമുള്ള അഴിമതി തടയുകയാണ് ഇവയുടെ ധർമ്മം.
    A) Only ii and iii
    B) Only i and ii
    C) All of the above (i, ii and iii)
    D) Only i and iii

34. ശരീരത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്തുകയും പേശികളുടെ ചലനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുന്ന മസ്തിഷ്ക്കത്തിന്റെ ഭാഗം ഏതാണ് ?
    A) സെറിബ്രം
    B) സെറിബെല്ലം
    C) ഹൈപ്പോതലാമസ്
    D) മെഡുല്ല ഒബ്ലോംഗേറ്റ

35. വൈഡൽ ടെസ്റ്റ് ഏത് രോഗനിർണ്ണയവുമായി ബന്ധപ്പെട്ടിരിക്കുന്നു ?
    A) കോളറ
    B) ന്യുമോണിയ
    C) ഹെപ്പറ്റൈറ്റിസ്
    D) ടൈഫോയ്ഡ്

36. ശരീരത്തിനാവശ്യമായ ഊർജത്തിന്റെ പ്രാഥമിക ഉറവിടം ഏതാണ് ?
    A) കാർബോഹൈഡ്രേറ്റ്
    B) ലിപ്പിഡ്
    C) പ്രോട്ടീൻ
    D) ജീവകങ്ങളും, ധാതുക്കളും

37. ഇൻസുലിൻ ഹോർമോണുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏതെല്ലാമാണ് ?

i. ഇൻസുലിൻ പാൻക്രിയാസിലെ ബീറ്റാ കോശങ്ങളാണ് സ്രവിക്കുന്നത്.

ii. ഇൻസുലിൻ കരളിൽ സംഭരിച്ചിരിക്കുന്ന ഗ്ലൈക്കോജനെ ഗ്ലൂക്കോസാക്കി മാറ്റുന്നു.

iii. ഇൻസുലിന്റെ അഭാവം പ്രമേഹത്തിന് കാരണമാകുന്നു.

A) i and ii മാത്രം
B) i and iii മാത്രം
C) ii and iii മാത്രം
D) i, ii and iii എല്ലാം ശരിയാണ്

38. താഴെ തന്നിരിക്കുന്നവയിൽ ഹരിതഗൃഹവാതകങ്ങളിൽ ഉൾപ്പെടാത്ത വാതകം ഏത് ?

A) കാർബൺ ഡൈ ഓക്സൈഡ്
B) ഓക്സിജൻ
C) മീഥൈൽ
D) നൈട്രസ് ഓക്സൈഡ്

39. ജീവകങ്ങളും അവയുടെ അപര്യാപ്തതാ രോഗങ്ങളും – തന്നിരിക്കുന്നതിൽ തെറ്റായ ജോഡി ഏത് ?

A) ജീവകം A – സിറോഫ്താൽമിയ
B) ജീവകം D – റിക്കറ്റ്സ്
C) ജീവകം B1 – പെല്ലാഗ്ര
D) ജീവകം C – സ്കർവി

40. വെസ്റ്റ് നൈൽ പനിക്ക് കാരണമായ രോഗാണു ഏതാണ് ?

A) വൈറസ്
B) ബാക്ടീരിയ
C) ഫംഗസ്
D) പ്രോട്ടോസോവ

41. സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് ജനസൗഹാർദ്ദ ആശുപത്രികൾ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ രൂപ കൽപ്പന ചെയ്ത കേരള സർക്കാർ പദ്ധതി ഏത് ?

A) സുകൃതം
B) സ്നേഹസ്പർശം
C) താലോലം
D) ആർദ്രം

42. ഒരാൾ A യിൽ നിന്ന് പുറപ്പെട്ട് 4 km ദൂരം സഞ്ചരിച്ചശേഷം വലത്തേയ്ക്ക് ലംബമായി തിരിഞ്ഞ് 3 km സഞ്ചരിച്ച് B യിൽ എത്തുന്നു. A യിൽ നിന്ന് B യിലേയ്ക്കുള്ള ഏറ്റവും കുറഞ്ഞ ദൂരം എത്ര ?

A) 7 km
B) 4 km
C) 5 km
D) 3 km

43. ഒരു നിശ്ചിത പ്രവേഗത്തിൽ മതിലിന്മേൽ പതിക്കുന്ന ഒരു പന്തിനെ പരിഗണിക്കുക. താഴെപ്പറയുന്നവയിൽ തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏതെല്ലാം ?

1. പ്രവർത്തനവും പ്രതിപ്രവർത്തനവും പരസ്പരം നിർവീര്യമാക്കുന്നു.

2. പ്രവർത്തനവും പ്രതിപ്രവർത്തനവും വ്യത്യസ്ത സമയങ്ങളിൽ ആയിരിക്കും.

3. പ്രവർത്തനവും പ്രതിപ്രവർത്തനവും തുല്യവും വിപരീതവുമായിരിക്കും.

A) 1, 3
B) 2, 3
C) 1, 2
D) 1, 2, 3

44. പവറിന്റെ യൂണിറ്റ് അല്ലാത്തത് ഏതാണ് ?
A) കിലോവാട്ട് അവർ
B) വാട്ട്
C) ജൂൾ/സെക്കന്റ്
D) ഹോഴ്സ് പവർ

45. NASA GOES – U ഉപഗ്രഹത്തിന്റെ പ്രധാന ദൗത്യം
A) പടിഞ്ഞാറൻ അർദ്ധഗോളത്തിലെ ഭൂമിയുടെ കാലാവസ്ഥ, പരിസ്ഥിതി എന്നിവയുടെ പര്യവേക്ഷണം
B) ധ്രുവപ്രദേശങ്ങളിലെ പര്യവേക്ഷണം
C) ഭൂമിയുടെ കിഴക്കൻ അർദ്ധഗോളത്തിലെ വാർത്താവിനിമയം
D) ഇവയെല്ലാം

46. കേരളത്തിലെ ഡീസൽ അധിഷ്ഠിത താപ വൈദ്യുത നിലയങ്ങൾ ഏതെല്ലാം ?
1. ബ്രഹ്മപുരം
2. കോഴിക്കോട്
3. കായംകുളം
A) 1, 3
B) 2, 3
C) 1, 2, 3
D) 1, 2

47. താഴെ തന്നിരിക്കുന്നവയിൽ ഏത് മൂലകമാണ് ''ബാബിറ്റ് മെറ്റൽ'' എന്ന ലോഹ സങ്കരത്തിൽ അടങ്ങിയിട്ടുള്ളത് ?
A) നിക്കൽ
B) ആന്റിമണി
C) പലേഡിയം
D) ബെറിലിയം

48. ''റീഗൽ വാട്ടർ'' എന്നറിയപ്പെടുന്നത് താഴെ തന്നിരിക്കുന്നവയിൽ ഏതാണ് ?
A) നൈട്രിക് ആസിഡ് + ഹൈഡ്രോക്ലോറിക് ആസിഡ്
B) സിങ്ക് ക്ലോറൈഡ് + ഗാഢ ഹൈഡ്രോക്ലോറിക് ആസിഡ്
C) ഗാഢ നൈട്രിക് ആസിഡ് + സൽഫ്യൂറിക് ആസിഡ്
D) ഹൈഡ്രോക്ലോറിക് ആസിഡ് + അസെറ്റിക് ആസിഡ്

49. സാന്ദ്രത ഏറ്റവും കൂടിയ ലോഹം ഏതാണ് ?
A) ലിഥിയം
B) ടങ്സ്റ്റൺ
C) ഗാലിയം
D) ഓസ്മിയം

50. ഇന്ത്യയിലെ ആദ്യത്തെ 'ഫ്ലോ കെമിസ്ട്രി ടെക്നോളജി ഹബ് ' സ്ഥാപിതമായത് എവിടെ ?
A) ചെന്നൈ
B) അഹമ്മദാബാദ്
C) ഹൈദ്രാബാദ്
D) പൂനെ

51. ലോക ശാസ്ത്രദിനം ആചരിക്കുന്നത് എന്ന് ?
A) ഡിസംബർ 12
B) ജനുവരി 27
C) മാർച്ച് 7
D) നവംബർ 10

52. കുമാരനാശാനെ 'വിപ്ലവത്തിന്റെ ശുക്രനക്ഷത്രം' എന്ന് വിശേഷിപ്പിച്ചത് ആരാണ് ?
A) ജോസഫ് മുണ്ടശ്ശേരി
B) എം. പി. പോൾ
C) കുട്ടികൃഷ്ണ മാരാർ
D) കേസരി എ. ബാലകൃഷ്ണപിള്ള

53. ''കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ'' – ഈ വരികൾ ആര് എഴുതിയതാണ് ?
A) ഒ. എൻ. വി.
B) വയലാർ
C) അക്കിത്തം
D) ഇടശ്ശേരി

54. ഇന്ത്യൻ ഫുട്ബോൾ ടീമിനുവേണ്ടി ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച കളിക്കാരൻ ആരാണ് ?
A) ഷബീർ അലി
B) സുനിൽ ഛേത്രി
C) ബൈച്ചുങ് ബൂട്ടിയ
D) ഐ. എം. വിജയൻ

55. ലക്ഷണയുക്തമായ ആദ്യത്തെ മലയാള നോവൽ ഏത് ?
A) കുന്ദലത
B) ശാരദ
C) ഇന്ദുലേഖ
D) മീനാക്ഷി

56. 2023-ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയത് ആരാണ് ?
A) പി. വത്സല
B) എസ്. കെ. വസന്തൻ
C) സക്കറിയ
D) സേതു

57. ''അറിയാത്ത അത്ഭുതങ്ങളെ ഗർഭത്തിൽ വഹിക്കുന്ന
മഹാസമുദ്രങ്ങളെക്കാൾ അറിയുന്ന എന്റെ നിളാനദിയാണെനിക്കിഷ്ടം'' – ഇതാരുടെ വാക്കുകളാണ് ?
A) എം. ടി. വാസുദേവൻ നായർ
B) പി. കുഞ്ഞിരാമൻ നായർ
C) ഇടശ്ശേരി ഗോവിന്ദൻ നായർ
D) മധുസൂദനൻ നായർ

58. മട്ടന്നൂർ ശങ്കരൻകുട്ടി താഴെ പറയുന്നവയിൽ ഏത് വാദ്യോപകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു ?
A) മൃദംഗം
B) മദ്ദളം
C) തബല
D) ചെണ്ട

59. ഇനിപ്പറയുന്നവയിൽ ഏതാണ് വോളറ്റൈൽ മെമ്മറി ?
A) റാം
B) ക്യാഷ് മെമ്മറി
C) റോം
D) സെക്കണ്ടറി മെമ്മറി

60. സ്പ്രെഡ്ഷീറ്റ് സോഫ്റ്റ്‌വെയറിന്റെ പ്രാഥമിക പ്രവർത്തനം എന്താണ് ?
A) ടെക്സ്റ്റ് ഡോക്യുമെന്റുകൾ സൃഷ്ടിക്കുകയും തിരുത്തുകയും ചെയ്യുന്നു
B) ചിത്രങ്ങളും ഗ്രാഫിക്സും സൃഷ്ടിക്കുകയും തിരുത്തുകയും ചെയ്യുന്നു
C) സംഖ്യാ ഡാറ്റയും കണക്കുകൂട്ടലുകളും സൃഷ്ടിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നു
D) അവതരണങ്ങൾ രൂപകൽപ്പന ചെയ്യുന്നു

61. സോഷ്യൽ മീഡിയയിൽ, മുമ്പ് അറിയപ്പെട്ടിരുന്ന ഫേസ്ബുക്കിന്റെ പുതിയ പേര് ?
A) മെറ്റാ
B) ബൈദു
C) സ്നാപ്പ്
D) ട്വിറ്റർ

62. ഇനിപ്പറയുന്ന നെറ്റ്‌വർക്ക് ഉപകരണങ്ങളിൽ ഏതാണ് ഡാറ്റ പാക്കറ്റുകളുടെ രൂപത്തിൽ കൈമാറുന്നത് ?
A) ബ്രിഡ്ജ്
B) ഹബ്ബ്
C) സ്വിച്ച്
D) റൂട്ടർ

63. ഏത് മാൽവെയറാണ് അതിന്റെ ഡെവലപ്പർക്ക് വരുമാനം ഉണ്ടാക്കാൻ ഉപയോഗിക്കുന്നത് ?

A) സ്പൈവെയർ
B) റാൻസംവെയർ
C) ട്രോജൻ ഹോഴ്സ്
D) ഇതൊന്നുമല്ല

64. ഗാർഹിക പീഡന നിയമ പ്രകാരം താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏതാണ് ?

i. മകൾക്ക് രണ്ടാനമ്മയ്ക്കെതിരെ പീഡനത്തിന് കേസ് കൊടുക്കാവുന്നതാണ്.
ii. വിവാഹിതരായ സ്ത്രീകൾക്ക് ഭർത്തൃമാതാവിനെതിരെ ഈ നിയമ പ്രകാരം കേസ് കൊടുക്കാവുന്നതാണ്.
iii. സഹോദരിക്ക് സഹോദരനെതിരെ ഈ നിയമ പ്രകാരം കേസ് കൊടുക്കാവുന്നതാണ്.
iv. മകൾക്ക് അച്ഛനെതിരെ ഈ നിയമ പ്രകാരം കേസ് കൊടുക്കാവുന്നതാണ്.

A) i
B) ii
C) iii
D) iv

65. ദേശീയ മനുഷ്യാവകാശ കമ്മീഷൻ രൂപീകരിച്ച വർഷം

A) 1993
B) 1992
C) 1990
D) 1995

66. ബാലനീതി നിയമ പ്രകാരം അതീവ ഗുരുതരമായ കുറ്റ കൃത്യം എന്നാൽ എന്ത് ?

A) മിനിമം 3 വർഷം ശിക്ഷ ലഭിക്കാവുന്ന കുറ്റം
B) മിനിമം 5 വർഷം ശിക്ഷ ലഭിക്കാവുന്ന കുറ്റം
C) മിനിമം 7 വർഷം ശിക്ഷ ലഭിക്കാവുന്ന കുറ്റം
D) മിനിമം 10 വർഷം ശിക്ഷ ലഭിക്കാവുന്ന കുറ്റം

67. ഉപഭോക്തൃ സംരക്ഷണ നിയമ പ്രകാരം തെറ്റിദ്ധാരണ ഉളവാക്കുന്ന പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള പിഴയെത്ര ?

A) 10 ലക്ഷം രൂപ വരെ
B) 20 ലക്ഷം രൂപ വരെ
C) 30 ലക്ഷം രൂപ വരെ
D) 5 ലക്ഷം രൂപ വരെ

68. വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്ന വിവരം ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തെ സംബന്ധിച്ചതെങ്കിൽ ഉത്തരം ലഭ്യമാക്കേണ്ട സമയ പരിധി

A) 5 ദിവസം
B) 24 മണിക്കൂർ
C) 48 മണിക്കൂർ
D) 30 ദിവസം

69. ദേശീയ വനിത കമ്മീഷന്റെ ഇപ്പോഴത്തെ അധ്യക്ഷ

A) ജയന്തി പട്നായിക്
B) ലളിത കുമാരമംഗലം
C) പി. സതീദേവി
D) രേഖാ ശർമ്മ

70. വിവാഹ സമാനമായ ബന്ധത്തിൽ കഴിയുന്ന സ്ത്രീകൾക്ക് പുരുഷ പങ്കാളിയുടെ വീട്ടിൽ താമസിക്കുന്നതിനുള്ള അവകാശം ഉറപ്പ് വരുത്തുന്ന നിയമം

A) ഇന്ത്യൻ ശിക്ഷാ നിയമം
B) മനുഷ്യാവകാശ നിയമം
C) സ്ത്രീധന നിരോധന നിയമം
D) ഗാർഹിക പീഡന നിയമം

71. x ന്റെ 15 ശതമാനം എന്നത് y യുടെ 20 ശതമാനത്തിന് തുല്യമായാൽ x:y എത്ര ?

A) 3:4 B) 4:3 C) 9:6 D) 6:9

72. ഒരു ക്ലാസിലെ 10 കുട്ടികൾ പരസ്പരം ഹസ്തദാനം നൽകിയാൽ ആകെ എത്ര ഹസ്തദാനം നടക്കും ?

A) 30 B) 22 C) 40 D) 45

73. 4701 നോട് ഏത് സംഖ്യ കൂട്ടിയാൽ തൊട്ടടുത്തുള്ള പൂർണവർഗം ആകും ?

A) 35 B) 60 C) 48 D) 68

74. 4 × 5 + (14 + 8) – 36 ÷ 9 എത്ര ?

A) 48 B) 27 C) 6 D) 38

75. 1 മുതൽ 50 വരെയുള്ള തുടർച്ചയായ എണ്ണൽ സംഖ്യകളുടെ തുക എത്ര ?

A) 1275 B) 1400 C) 1330 D) 1425

76. 15 പോസ്റ്റ് കാർഡിന്റെ വില 2.25 രൂപ ആണെങ്കിൽ 36 പോസ്റ്റ് കാർഡിന്റെ വില എത്ര ?

A) 54 B) .54 C) 5.4 D) .054

77. $\frac{1.7 \times .0028}{.068 \times .014} =$

A) 8 B) 5 C) 34 D) .5

78. വിട്ടഭാഗം പൂരിപ്പിക്കുക.

AYIN, BWLM, DUOL, _________, KQUJ

A) GSRK B) GTRL
C) HSQM D) ഇതൊന്നുമല്ല

79. ഒറ്റയാൻ ആര് ?

2, 3, 5, 7, 8, 11, 13

A) 2 B) 8
C) 11 D) 13

80. 10, 7, 4, .... എന്ന ശ്രേണിയിലെ 25-ാം പദം എത്ര ?

A) 62 B) –62
C) 26 D) 70

81. Mr. Gopal, accompanied by his two managers, __________ leaving for London.

A) are B) is C) has D) have

82. If you work with confidence, you

A) succeed B) succeeded
C) will succeed D) would have succeeded

83. Richard refused to accept the free ride because he was _________ honourable man.

A) the B) an C) any D) a

84. The Registrar of the University said that the students ________ earn 85 per cent attendance to be eligible to appear for the examination.

A) should B) can C) will D) could

85. They hardly remember anything, ________ ?

A) can they B) won't they
C) don't they D) do they

86. As little Albert could not _________ his nagging grandmother, he decided to leave home.

A) put away B) put up with
C) put off D) put in

87. If your team _________ again, you will be out of the competition.

A) loss B) lose C) loose D) lost

88. Pick out the antonym of the word "clear" from the following.

A) murky B) lucid C) obvious D) distinct

89. The students found the project to be ________ because it was very easy.

A) hand in glove B) apple of their eye
C) cut corners D) a piece of cake

90. Substitute the underlined phrase with any one of the following words.

Hitler believed himself to be <u>all powerful</u>.

A) Omniscient B) Omnipresent
C) Omnipotent D) Omnivore

91. താഴെ കൊടുത്തവയിൽ മകൻ എന്ന പദത്തിന്റെ അലിംഗബഹുവചനം ഏത് ?

A) മകന്മാർ B) മക്കൾ C) മകന്മാരുടെ D) മകനെ

92. മലയാളത്തിന്റെ എഴുത്തു രീതിക്ക് അനുയോജ്യമായ വാക്യം തെരഞ്ഞെടുക്കുക.

A) ഇന്ത്യയിൽ ഉള്ള ദരിദ്രരും അവശരും ആയ ഗ്രാമീണരെ ഉദ്ധരിപ്പാൻ ഉള്ള ശാന്തവും സദ്യ:ഫലവും ആയ ഒരേ ഒരു ഉപായം ഖാദി അല്ലാതെ വേറെ ഒന്ന് ഇല്ല.

B) ഇന്ത്യയിലുള്ള ദരിദ്രരുമവശരുമായ ഗ്രാമീണരെയുദ്ധരിപ്പാനുള്ള ശാന്തവും സദ്യ:ഫലവുമായ ഒരേയൊരുപായം ഖാദിയല്ലാതെ വേറെയൊന്നില്ല.

C) ഇന്ത്യയിലുള്ള ദരിദ്രരും അവശരുമായ ഗ്രാമീണരെ ഉദ്ധരിപ്പാനുള്ള ശാന്തവും സദ്യ:ഫലവുമായ ഒരേ ഒരുപായം ഖാദിയല്ലാതെ വേറെയൊന്നില്ല.

D) ഇന്ത്യയിൽ ഉള്ള ദരിദ്രരുമവശരുമായ ഗ്രാമീണരെയുദ്ധരിപ്പാനുള്ള ശാന്തവും സദ്യ:ഫലവും ആയ ഒരേ ഒരു ഉപായം ഖാദി അല്ലാതെ വേറെ ഒന്ന് ഇല്ല.

93. താഴെ കൊടുത്ത പ്രയോഗങ്ങളെ സംബന്ധിച്ച് ഏറ്റവും ഉചിതമായ പ്രസ്താവന തെരഞ്ഞെടുക്കുക.

1. ഈരണ്ട് വീതം 2. ഈരണ്ട്

A) 1 ഉം 2 ഉം ശരിയാണ് B) 1 മാത്രം ശരിയാണ്

C) 2 മാത്രം ശരിയാണ് D) 1 ഉം 2 ഉം തെറ്റാണ്

94. നക്ഷത്രമെണ്ണുക എന്ന പ്രയോഗത്തിന് മലയാളത്തിൽ നടപ്പുള്ള അർത്ഥം ഏതാണ് ?

A) കണക്കാക്കുക B) അസാധ്യമായത് നേടുക

C) ഫലമില്ലാതെ പ്രവർത്തിക്കുക D) കഷ്ടപ്പെടുക

95. താഴെ കൊടുത്ത വാക്യങ്ങളെ സംബന്ധിച്ച് ശരിയായ പ്രസ്താവന ഏത് ?

1. ഓരോ പൗരനും നിയമം അനുസരിക്കാൻ ബാദ്ധ്യസ്ഥനാണ്.
2. ഏതു വിദേശികൾക്കും നമ്മുടെ മര്യാദകേടുകൾ മനസ്സിലാവും.
3. ആ മലവെള്ളം കുറേ ദിവസം നിന്നു.
4. ആയിരം തേങ്ങകൾ വിറ്റാൽ അന്ന് ഒരു പവൻ കിട്ടും.

A) 1, 2, 3 എന്നിവ മാത്രം ശരിയാണ്

B) 1, 3 എന്നിവ മാത്രം ശരിയാണ്

C) 1, 4 എന്നിവ മാത്രം ശരിയാണ്

D) എല്ലാം ശരിയാണ്

96. ചിന്മയം എന്ന വാക്ക് പിരിച്ചെഴുതുന്നതെങ്ങനെയാണ് ?

A) ചിൻ + മയം
B) ചിത് + മയം
C) ചിൽ + മയം
D) ചിന് + മയം

97. ചേരുംപടി ചേർക്കുക.

| | |
|---|---|
| a. അർദ്ധവിരാമം | 1. ബിന്ദു |
| b. അപൂർണവിരാമം | 2. വിക്ഷേപിണി |
| c. പൂർണവിരാമം | 3. രോധിനി |
| d. അൽപവിരാമം | 4. ഭിത്തിക |
| | 5. അങ്കുശം |

A) a – 3, b – 4, c – 1, d – 5
B) a – 5, b – 1, c – 4, d – 2
C) a – 5, b – 3, c – 2, d – 1
D) a – 2, b – 1, c – 4, d – 3

98. താഴെ കൊടുത്തവയിൽ തെറ്റായ ജോഡി കണ്ടെത്തുക.

A) വൈതരണി – ദുർഘടസ്ഥലം
B) ഭഗീരഥപ്രയത്നം – കഠിനമായ അധ്വാനം
C) അക്ഷയപാത്രം – അവസാനിക്കാത്ത സമ്പത്ത്
D) ദന്തഗോപുരം – തീരുമാനമെടുക്കാൻ പറ്റാത്ത സ്ഥലം

99. കൂട്ടത്തിൽ ചേരാത്തത് തിരിച്ചറിയുക.

A) ക്ഷണം – ക്ഷണനം
B) പ്രസാദം – പ്രാസാദം
C) താരം – താരകം
D) പ്രവാദം – പ്രവാതം

100. മഞ്ഞുതൊപ്പി എന്ന പദത്തിന് ശരിയായ വിഗ്രഹരൂപം കണ്ടെത്തുക.

A) മഞ്ഞു കൊണ്ടുള്ള തൊപ്പി
B) മഞ്ഞ് മൂടുന്ന തൊപ്പി
C) മഞ്ഞിനെപ്പോലുള്ള തൊപ്പി
D) മഞ്ഞിനെ തടുക്കുന്ന തൊപ്പി

## Space for Rough Work

**FINAL ANSWER KEY**
**Question Paper Code:173-24 M**
**Question Paper Medium:Malayalam**
**Category Code:256/2017,729/2022**
**Name Of Post & Department:Theatre Assistant/ Museum Attendant- Main Examination 729/2022,**
**Date Of Test:05-Dec-2024**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | B | D | D | D |
| 2 | C | A | A | C |
| 3 | C | D | B | C |
| 4 | D | B | A | A |
| 5 | A | C | B | A |
| 6 | B | A | D | B |
| 7 | A | D | C | A |
| 8 | A | B | A | D |
| 9 | D | A | B | A |
| 10 | B | A | D | C |
| 11 | D | B | A | B |
| 12 | A | A | D | A |
| 13 | B | D | B | B |
| 14 | A | A | A | B |
| 15 | B | C | A | A |
| 16 | B | C | B | A |
| 17 | A | A | A | D |
| 18 | B | C | D | B |
| 19 | B | D | A | A |
| 20 | A | D | C | A |
| 21 | C | D | C | D |
| 22 | D | B | A | C |
| 23 | C | A | C | A |
| 24 | B | D | D | B |
| 25 | C | C | D | D |
| 26 | D | D | D | B |
| 27 | C | C | A | A |
| 28 | A | C | D | A |
| 29 | B | A | B | D |
| 30 | D | A | C | B |
| 31 | A | A | C | D |
| 32 | A | B | D | B |
| 33 | C | B | C | A |
| 34 | B | C | B | D |
| 35 | D | A | C | C |
| 36 | A | A | D | C |
| 37 | B | A | C | A |
| 38 | B | C | C | C |
| 39 | C | B | A | D |
| 40 | A | D | A | D |
| 41 | D | D | B | A |
| 42 | C | C | A | B |
| 43 | C | A | A | B |
| 44 | A | B | D | C |
| 45 | A | D | B | A |
| 46 | D | C | A | D |
| 47 | B | D | B | A |
| 48 | A | C | B | D |
| 49 | D | B | C | B |
| 50 | C | C | A | C |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | D | B | D | B |
| 52 | A | A | B | C |
| 53 | D | B | A | C |
| 54 | B | B | D | D |
| 55 | C | A | C | A |
| 56 | B | D | B | C |
| 57 | A | A | C | D |
| 58 | D | B | C | C |
| 59 | A | A | D | B |
| 60 | C | B | A | C |
| 61 | A | B | A | D |
| 62 | D | A | A | A |
| 63 | B | A | C | B |
| 64 | A | D | B | A |
| 65 | A | B | D | B |
| 66 | C | B | B | A |
| 67 | A | C | A | A |
| 68 | C | C | B | C |
| 69 | D | D | B | B |
| 70 | D | A | A | D |
| 71 | B | B | A | B |
| 72 | D | A | C | D |
| 73 | B | A | B | B |
| 74 | D | C | B | A |
| 75 | A | B | B | B |
| 76 | C | B | D | D |
| 77 | B | B | B | B |
| 78 | A | D | D | B |
| 79 | B | B | B | A |
| 80 | B | D | A | C |
| 81 | B | B | D | B |
| 82 | C | A | B | A |
| 83 | B | D | D | B |
| 84 | A | B | C | A |
| 85 | D | D | B | B |
| 86 | B | C | A | C |
| 87 | B | B | B | D |
| 88 | A | A | C | C |
| 89 | D | B | B | D |
| 90 | C | C | A | B |
| 91 | B | A | B | C |
| 92 | C | D | B | D |
| 93 | C | B | C | A |
| 94 | D | B | D | D |
| 95 | B | C | C | B |
| 96 | B | D | D | C |
| 97 | A | C | B | C |
| 98 | D | D | C | D |
| 99 | C | B | A | B |
| 100 | D | C | D | B |

'X' denotes deletion

Approved For Publication
Sd/-
Section officer